

വൈറ്റില മാർത്തോമ്മാ ഗൈഡൻസ് സെന്ററിൽ നടന്ന സമ്മേളനത്തിൽ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി പ്രസംഗിക്കുന്നു. റവ. സി. സുശീൽ വർഗീസ്, ഡോ. മാത്യൂസ് മാർ മക്കാറിയോസ്, റവ. ടി.സി. തോമസ് എന്നിവർ സമീപം.

# 'വൃക്ക ദാനം ചെയ്തത് മറ്റുള്ളവർക്കും പ്രചോദനമാവാൻ'

കൊച്ചി● പണത്തിനു വേണ്ടി പ്രവർത്തിക്കുന്ന കിഡ്നി റാക്കറ്റുകളുള്ള ഇക്കാലത്ത് പാവപ്പെട്ട രോഗികൾക്കു സ്വന്തം വൃക്ക ദാനം ചെയ്യാൻ പൂർണ ആരോഗ്യവാൻമാരായ മനുഷ്യർക്കു പ്രചോദനമേകാനാണ് താൻ വൃക്ക ദാനം ചെയ്തതെന്ന് കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി പറഞ്ഞു.

മനുഷ്യത്വപരമായ സമീപനങ്ങൾ ഈശ്വരന്റെ അനുഗ്രഹം നേടാനുള്ള എളുപ്പവഴിയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മാർത്തോമ്മാ ഗൈഡൻസ് സെന്ററിൽ പ്രചോദക പ്രഭാഷണ പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പ അധ്യക്ഷത വഹിച്ചു. റവ. സുശീൽ വർഗീസ്, റവ. ടി.സി.തോമസ്, റവ. ടി.എസ് ഫിലിപ്, ഡോ. ജോൺ ജോസഫ്, ഇ.എം. മത്തായി, ജോൺ മത്തായി തുടങ്ങിയവർ പ്രസംഗിച്ചു.

കടവന്ത്ര കേന്ദ്രീയ വിദ്യാലയം ബാൻഡ്മേളം അവതരിപ്പിച്ചു. ക്യാംപസ് ക്രൂസേഡ്സ് ഹാർട്ബീറ്റ്സ് ഭക്തിഗാനങ്ങൾ അവതരിപ്പിച്ചു.